**ഏപ്രിൽ 7 – 13**

## പാഠം – 2

## ദാനീയേലും അന്ത്യകാലവും

**ശബ്ബത്ത് സായാഹ്നം** **ഏപ്രിൽ 7**

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക: ലൂക്കൊ. 16:10; ദാനീ.1,2, 3:1–6; വെളി. 13:11–15; ദാനീ. 3: 13–18; യോഹ. 3:7; ദാനീ. 4, 6.**

**മനഃപാഠവാക്യം: "രാജാവ് ദാനീയേലിനോട്: നീ ഈ രഹസ്യം വെളിപ്പെടുത്തുവാൻ പ്രാപ്തനായതുകൊണ്ട് നിങ്ങളുടെ ദൈവം ദൈവാധിദൈവവും രാജാധികർത്താവും രഹസ്യങ്ങളെ വെളിപ്പെടുത്തുന്നവനും ആകുന്നു സത്യം എന്നു കൽപിച്ചു" (ദാനീയേൽ 2:47)**

പുരാതന ഇസ്രായേലിനെ കുറിച്ച് ദൈവത്തിന് വൻ പദ്ധതികളുണ്ടായിരുന്നു. "നിങ്ങൾ എനിക്കു പുരോഹിത രാജത്വവും വിശുദ്ധ ജനവും ആകും" (പുറപ്പാട് 19: 6). ഈ വിശുദ്ധ രാഷ്ട്രം, പുരോഹിതന്മാരുടെ ഈ രാജത്വം, യാഹ്വെ മാത്രം ദൈവമായ ലോകത്തിന് അവന്റെ സാക്ഷികളാകാനുള്ളവരായിരുന്നു (യെശ. 43:10, 12 കാണുക). നിർഭാഗ്യകരം, ദൈവം നൽകിയ വിശുദ്ധ വിളിക്കനുസൃതമായി ആ രാഷ്ട്രം വളർന്നില്ല. ഒടുവിൽ അത് ബാബിലോണ്യ അടിമത്വത്തിലെത്തി.

അടിമത്തമെന്ന ദുരന്തം ഏറ്റുവാങ്ങിയപ്പോഴും പല യഹൂദരെയും ദൈവം തന്റെ സാക്ഷികളായി ഉപയോഗിച്ചു. ഇത് വളരെ താൽപര്യജനകമാണ്. ഇസ്രായേൽ, യഹൂദ എന്നിവരിലൂടെ നേടാൻ കഴിയാതിരുന്നത് ദൈവം ദാനീയേലിലൂടെയും അടിമയാക്കപ്പെട്ട മൂന്ന് കൂട്ടുകാരിലൂടെയും നേടി എന്ന് മറ്റൊരർത്ഥത്തിൽ പറയാം. ഒരു രാഷ്ട്രമെന്ന നിലയിൽ ഇസ്രായേൽ എങ്ങനെയാകണമായിരുന്നോ അല്ലെങ്കിൽ എന്ത് ചെയ്യേണ്ടിയിരുന്നോ അതിന് ഇവർ ഉദാഹരണമായി എന്ന് വേണമെങ്കിൽ പറയാം.

അതേ, അന്ത്യകാലത്തിൽ നിന്നേറെ അകലെയായ ഒരു സമയത്തും സ്ഥലത്തുമാണ് അവരുടെ കഥ നടക്കുന്നത്. പക്ഷേ മാതൃകയുള്ള സ്വഭാവവിശേഷതകൾ ഈ മനുഷ്യരിൽ കണ്ടെത്താനാകും. അന്ത്യകാലത്ത് ജീവിക്കുന്നവരാണ് നാം. എന്നാൽ ദൈവത്തെ അറിയാത്ത ബാബിലോണ്യ വിഗ്രഹാരാധികളെ പോലെയുള്ളവരുടെ ലോകത്തിനു മുന്നിൽ ദൈവസാക്ഷികളാകുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. അവരുടെ കഥകളിൽ നിന്ന് എന്തു പഠിക്കാം?

**ഞായർ** **ഏപ്രിൽ 8**

### അത്യൽപത്തിൽ വിശ്വസ്തനായവൻ

**"അത്യൽപത്തിൽ വിശ്വസ്തനായവൻ അധികത്തിലും വിശ്വസ്തൻ; അത്യൽപത്തിൽ നീതികെട്ടവൻ അധികത്തിലും നീതികെട്ടവൻ" (ലൂക്കോസ് 16:10).**

യേശുവിന്റെ വാക്കുകൾ നോക്കുക. “അത്യൽപത്തിൽ നീതികെട്ടവൻ” ആകുവാൻ വിട്ടുവീഴ്ച ചെയ്യുകയെന്നത് വളരെ എളുപ്പമാണ്. “അത്യൽപം” എന്നത് വലിയ എന്തോ ഒന്നാണ് എന്ന് തോന്നിയേക്കാം. എന്നാൽ അങ്ങനെയല്ല. അത് വളരെ വലിയ പ്രശ്നമൊന്നുമല്ല. അതുകൊണ്ടാണ് അത് “അത്യൽപം” ആയിരിക്കുന്നത്. പക്ഷേ പ്രശ്നമെന്തെന്നാൽ ഒരു വിട്ടുവീഴ്ച മറ്റൊന്നിലേക്ക് നയിക്കുന്നു, അത് വേറൊന്നിലേക്കും, വീണ്ടുമൊന്നിലേക്കും, അങ്ങനെ അങ്ങനെ നമ്മൾ പൂർണ്ണമായും “അധികത്തിലും നീതികെട്ടവർ” ആയിത്തീരും. സ്വന്തം അനുഭവങ്ങളിൽ നിന്നും മറ്റുള്ളവരുടേതിൽ നിന്നും നമ്മൾ ഇത് മനസ്സിലാക്കിയിട്ടുണ്ടാവുമല്ലോ.

ഈ ചിന്ത മുൻനിർത്തി, ദാനീയേൽ 1-ൽ പറയുന്ന കഥ മനസ്സിലാക്കാൻ ശ്രമിക്കാം. ബാബിലോണ്യ അടിമത്തത്തിൽ കഴിഞ്ഞ നാല് യഹൂദ ചെറുപ്പക്കാരുടെ ആദ്യ അനുഭവങ്ങൾ.

**ദാനീയേൽ 1 വായിക്കുക. പണ്ടത്തെ ഇസ്രായേൽ എന്തായിരിക്കണമായിരുന്നു എന്നാണ് ദാനീയേൽ, ഹനന്യാ, മിഷായേൽ, അസര്യാ എന്നിവരുടെ തീരുമാനത്തിലൂടെ കാട്ടിത്തരുന്നത്?** ദിന. 4:6–8, സെഖ. 8:23 ഇവയും കാണുക.

“ജ്ഞാനവക സംബന്ധിയായതിലെല്ലാം” മറ്റുള്ളവരെക്കാൾ “പത്തിരട്ടി” (ദാനീ. 1:20) അവരെ വിശിഷ്ടരാക്കിയത് എന്ത് കഴിച്ചതുകൊണ്ടാണെന്ന് നേരിട്ട് വാക്യത്തിൽ പറയുന്നില്ലെങ്കിലും സൂചന തീർച്ചയായും തരുന്നുണ്ട്. ആ അദ്ധ്യായത്തിൽ, ദൈവമാണവർക്ക് ജ്ഞാനവും വിവേകവും നൽകിയതെന്ന് പറയുന്നുണ്ട്. ബാബിലോണിലെ അശുദ്ധ ഭക്ഷണം ത്യജിച്ച് കാട്ടിയ വിശ്വസ്തത മൂലം ദൈവത്തിന് അവർക്കൊപ്പം പ്രവർത്തിക്കാനായി. അവർ അനുസരിച്ചു, അനുസരണത്തെ ദൈവം അനുഗ്രഹിച്ചു. നാലു ചെറുപ്പക്കാർ ദൈവവചന പാഠങ്ങൾ എത്ര തീക്ഷ്ണതയോടും വിശ്വാസത്തോടും പാലിച്ചോ അതുപോലെ പ്രാചീന ഇസ്രായേൽ ഒന്നാകെ അനുസരിച്ചിരുന്നെങ്കിൽ ദൈവം അവർക്കു വേണ്ടി പ്രവർത്തിക്കുമായിരുന്നില്ലേ? തീർച്ചയായും. അന്ത്യകാലത്ത് വിശ്വസ്തരായിരുന്നാൽ നമുക്കുവേണ്ടിയും അവൻ പ്രവർത്തിക്കുകയില്ലേ?

**ഇത്രയധികം വെളിച്ചവും സത്യവും നൽകപ്പെട്ട ഒരു സഭയെന്ന നിലയിൽ നമ്മോടു തന്നെ ചോദിക്കണം: നൽകപ്പെട്ടതിനോട് വിശ്വസ്തരും തീക്ഷണതയുള്ളവരുമായിരുന്നോ? അതേസമയം തന്നെ, ദൈവത്തിന്റെ ശക്തരായ സാക്ഷികളായിരിക്കാൻ ഓരോരുത്തർക്കും എങ്ങനെ സാധിക്കും?**

**തിങ്കൾ** **ഏപ്രിൽ 9**

## ദാനീയേലിന്റെ വിനയം

ബൈബിളിലെ ദൈവത്തെ വിശ്വസിക്കാൻ ലോകമെമ്പാടുമുള്ളവരെ ദാനീയേൽ രണ്ടാം അദ്ധ്യായം സഹായിച്ചിട്ടുണ്ട്. ദൈവം ഉണ്ടെന്നതിനു മാത്രമല്ല ആ മുന്നറിവിനും ഈ അദ്ധ്യായം ശക്തിയുക്ത തെളിവുകൾ നൽകുന്നു. മുന്നറിവെന്ന ദൈവശക്തിയെക്കുറിച്ച് വെളിപ്പെടുത്തുന്നതിലൂടെ ഈ അദ്ധ്യായം, ദൈവം ഉണ്ടെന്നതിന് തെളിവു നൽകുന്നു.

**ദാനീയേൽ 2 വായിക്കുക. ദൈവമെന്ന യാഥാർത്ഥ്യത്തെ കുറിച്ച് ഈ അദ്ധ്യായം എപ്രകാരമാണ് ഇത്ര വിശ്വസനീയമായ തെളിവുകൾ നൽകുന്നത്? ഈ പുസ്തകത്തിൽ പറഞ്ഞ പ്രകാരം ഇന്നത്തെ യൂറോപ്പിനെ ശ്രദ്ധിക്കുക (ദാനീ. 2: 40 – 43). ദൈവീക വെളിപ്പെടുത്തലിലൂടെയല്ലാതെ 2600 വർഷം മുമ്പ് ജീവിച്ചിരുന്ന ഒരു മനുഷ്യന് ഇന്നത്തെ ഈ അവസ്ഥയെക്കുറിച്ച് എങ്ങനെ ഇത്ര കൃത്യതയോടെ വിവരിക്കാനാകും?**

ദൈവം മുഖാന്തിരം എല്ലാം വെളിപ്പെടുത്തപ്പെട്ടുവെന്ന് ദാനീയേൽ പരസ്യമായി, തെല്ലും ജാള്യതയില്ലാതെ പ്രഖ്യാപിക്കുന്നു. രാജാവിന്റെ സ്വപ്നം എന്താണെന്ന് മാത്രമല്ല അതിന്റെ അർത്ഥം വിവരിക്കുവാനുള്ള കഴിവിനെക്കുറിച്ച് കൂടി എന്തെല്ലാം ദാനീയേലിനു വീമ്പിളക്കാമായിരുന്നു. അവന് അതിലും അറിവുണ്ടായിരുന്നു. ദാനീയേലിന്റെയും സുഹൃത്തുക്കളുടെയും പ്രാർത്ഥന (ദാനീ. 2: 17–23) ദൈവത്തിലുള്ള അഗാധമായ ആശ്രയത്തെ കാണിക്കുന്നു; അല്ലെങ്കിൽ മറ്റ് ജ്ഞാനികൾക്കൊപ്പം അവരും കൊല്ലപ്പെടുമായിരുന്നു.

പിന്നീട് ദാനീയേൽ, രാജാവിനു വെളിപ്പെടുത്തി അത് കൊട്ടാരം ജ്ഞാനികൾക്കോ ഇന്ദ്രജാലക്കാർക്കോ മന്ത്രവാദികൾക്കോ വെളിപ്പെടുത്താനായില്ല. അതേസമയം സ്വർഗ്ഗത്തിലെ ദൈവത്തിന് രഹസ്യങ്ങൾ വെളിപ്പെടുത്താനാകും. കാരണം അവൻ മാത്രമാണ് സത്യദൈവം.

അങ്ങനെ എളിമ, ദൈവാശ്രയം എന്നിവയിലൂടെ ദാനീയേൽ ശക്തനായ ഒരു സാക്ഷിയായി. അന്ന് ദാനീയേൽ വിനയാന്വിതനായെങ്കിൽ ഇന്ന് നമ്മൾ എത്രമാത്രം എളിമയുള്ളവരാകണം? എല്ലാറ്റിലുമുപരി ദാനീയേലിന് അന്ന് ഇല്ലാതിരുന്ന ഒന്ന് ഇന്നു നമുക്കുണ്ട്. ദൈവീക രക്ഷാകര പദ്ധതിയുടെ വെളിപാട്. യേശു ക്രൂശിൽ ചെയ്തത് എന്തെന്ന അറിവാണ് ഇന്ന് നമ്മെ വിനയാന്വിതരാക്കേണ്ടത്.

**കുരിശ് നമ്മെ വിനയത്തെക്കുറിച്ച് എന്ത് പഠിപ്പിക്കുന്നു? പാപത്തെക്കുറിച്ചു മാത്രമല്ല രക്ഷയ്ക്കായി ദൈവത്തിലുള്ള സമ്പൂർണ്ണ ആശ്രയത്തെക്കുറിച്ചും അത് എന്ത് പറയുന്നു? ക്രൂശില്ലായിരുന്നുവെങ്കിൽ നിങ്ങൾ**

**എവിടെയായിരിക്കുമെന്ന് ചിന്തിച്ചിട്ടുണ്ടോ? കുരിശല്ലാതെ അഹങ്കരിക്കാൻ എന്തുണ്ട്?**

**ചൊവ്വ** **ഏപ്രിൽ 10**

## സ്വർണ്ണ ബിംബം

ബൈബിൾ പഠിതാക്കൾ വളരെ മുന്നേ തന്നെ ശ്രദ്ധിച്ചിട്ടുള്ള ഒരു കാര്യമാണ് ദാനീയേൽ 3-ൽ ദൂരാ സമഭൂമിയിലെ മൂന്ന് യഹൂദന്മാരുടെ കഥയും വെളിപ്പാട് പുസ്തകത്തിലെ 13-ാം അദ്ധ്യായവും തമ്മിലുള്ള ബന്ധം. ദൈവജനം മുന്നമേ പീഡനം നേരിട്ടതും അന്ത്യകാലത്ത് നേരിടാനിരിക്കുന്നതിന്റെയും സൂചനകൾ അത് നൽകുന്നു.

**ദാനീയേൽ 3:1-6 വരെയും വെളിപ്പാട് 13:11-15 വരെയും താരതമ്യം ചെയ്യുക. ഈ രണ്ട് അദ്ധ്യായങ്ങളും തമ്മിലുള്ള സാമ്യങ്ങൾ എന്തെല്ലാം?**

ആരാധനയാണ് രണ്ടിടത്തും വിഷയം. എന്നാൽ, അടിച്ചേൽപ്പിക്കപ്പെടുന്ന ആരാധനയാണ് സംസാരവിഷയം. അതായത്, ഭരണം കയ്യാളുന്ന രാഷ്ട്രീയ അധികാരം ദൈവത്തിനു മാത്രം അർഹമായ ആരാധന നിർബന്ധിതമായി തട്ടിയെടുക്കുകയാണ്.

**ദാനീയേൽ 3:13-18 വായിക്കുക. അന്ത്യകാലത്തു നമുക്ക് എന്തു സംഭവിക്കും? അതിനെ എങ്ങനെ നേരിടണം എന്ന് കൂടി മനസ്സിലാക്കാൻ സഹായിക്കുന്ന എന്ത് കാര്യമാണ് ഈ കഥയിലുള്ളത്?**

“നിങ്ങളെ എന്റെ കയ്യിൽ നിന്ന് വിടുവിക്കുന്ന ആ ദൈവം ആരാണ്?” ലോകത്തിലെ ശക്തനായ നെബൂഖദ്നേസർ രാജാവ് യുവാക്കളെയും അവരുടെ ദൈവത്തെയും പരിഹസിച്ചു. ആ ദൈവം ആരാണെന്ന് അയാൾ ഉടൻ തന്നെ അറിയാനിടവന്നു. പിന്നീട് അയാൾ പ്രഖ്യാപിച്ചു: “ശദ്രക്കിന്റെയും മേശക്കിന്റെയും അബേദ്നെഗോവിന്റെയും ദൈവം വാഴ്ത്തപ്പെട്ടവൻ; തന്നിൽ ആശ്രയിക്കുകയും സ്വന്തം ദൈവത്തെയല്ലാതെ വേറൊരു ദൈവത്തെയും സേവിക്കുകയോ നമസ്ക്കരിക്കുകയോ ചെയ്യാതിരിക്കത്തക്കവണ്ണം രാജകൽപനകൂടെ മറുത്തു തങ്ങളുടെ ദേഹത്തെ ഏൽപിച്ചുകൊടുക്കുകയും ചെയ്ത തന്റെ ദാസൻമാരെ അവൻ സ്വദൂതനെ അയച്ചു വിടുവിച്ചിരിക്കുന്നുവല്ലോ” (ദാനീ. 3:28).

അത്തരമൊരു അത്ഭുതം കണ്ട രാജാവ് മറുവാക്കുകളില്ലാതെ ഇവർ സേവിച്ച ദൈവത്തിന് എന്തോ പ്രത്യേകതകയുണ്ടെന്ന് ബോദ്ധ്യപ്പെട്ടു.

ഒരുപക്ഷേ, തീയിൽ നിന്ന് വിടുവിക്കപ്പെടില്ലായിരുന്നു എന്നിരിക്കട്ടെ, അങ്ങനെ സംഭവിച്ചേക്കാമെന്ന് അവർ മനസ്സിലാക്കിയിരുന്നു (ദാനീ. 3:18). ജീവനോടെ തീയിലെറിയും എന്നുറപ്പായിരുന്നിട്ടും രാജകൽപന അനുസരിക്കാതെ അവർ എന്തിനായിരിക്കും ശരിയ്ക്കു വേണ്ടി നിലകൊണ്ടത്.

വരുംവരായ എന്തായാലും വിശ്വസിച്ചതിനു വേണ്ടി നിലകൊണ്ടു. അത് അവരുടെ വിശ്വാസത്തിനും സന്മനസ്സിനും ശക്തമായ സാക്ഷ്യമാകുന്നു.

**അന്ത്യകാലത്ത് ആരാധന ഒരു പ്രശ്നമാകുമ്പോൾ, അന്ന് അവർ വിശ്വസ്തരായിരുന്നതുപോലെ നിൽക്കുമെന്ന് ഉറപ്പുണ്ടോ? ഇന്ന് "അൽപത്തിൽ" വിശ്വസ്തരാകുവാൻ സാധിക്കുന്നില്ലെങ്കിൽ അന്ത്യകാല പീഡന സമയത്ത് വിശ്വസ്തരായിരിക്കും എന്ന് ചിന്തിക്കാനാകുമോ?**

**ബുധൻ** **ഏപ്രിൽ 11**

## ജാതികളുടെ മാനസാന്തരം

ദാനീയേൽ 3 അവസാനിക്കുന്നത് സത്യദൈവത്തിന്റെ ശക്തിയും അസ്തിത്വവും അംഗീകരിക്കുന്ന നെബൂഖദ്നേസറിലാണ്. എന്നാൽ ദൈവത്തെക്കുറിച്ചും ആ ശക്തിയെക്കുറിച്ചും ഉള്ള അറിവ് അല്ല, രക്ഷിക്കപ്പെടുവാൻ അവശ്യം വേണമെന്ന് യേശു പറഞ്ഞ വീണ്ടും ജനനമെന്ന അനുഭവമാണ് ആവശ്യം (യോഹ. 3:7). എന്നിരുന്നാലും ദാനീയേൽ 4:30 ചിത്രീകരിക്കുന്നത് പരിവർത്തനം സംഭവിച്ച ഒരാത്മാവിനെയാണ്.

**ദാനീയേൽ 4:30 വായിക്കുക. എന്തായിരുന്നു ഈ മനുഷ്യന്റെ പ്രശ്നം?** യോഹ. 15:5, അ.പ്ര. 17:28, ദാനീ. 5:23 കൂടി കാണുക.

ആ അദ്ധ്യായം തീരുന്നതോടൊപ്പം നെബൂഖദ്നേസർ ഒരു കാര്യം മനസ്സിലാക്കി. അൽപം കഠിന രീതിയിൽ ആയിരുന്നെങ്കിലും എല്ലാ ശക്തിയും ദൈവത്തിലാണെന്നും ദൈവമില്ലാതെ താൻ ഒന്നുമല്ലെന്നും അയാൾ മനസ്സിലാക്കി.

"ഒരിക്കൽ അഹങ്കാരിയായ ചക്രവർത്തി ദൈവത്തിന്റെ എളിയ പൈതലായി. അടക്കിഭരിച്ച സ്വേച്ഛാധിപതി സഹാനുഭൂതിയുള്ള ജ്ഞാനിയായ രാജാവായി. സ്വർഗ്ഗത്തിലെ ദൈവത്തെ ദുഷിച്ച് തള്ളിപ്പറഞ്ഞവൻ അത്യുന്നതനായവന്റെ ശക്തി അംഗീകരിച്ചു. യഹോവഭക്തി പ്രചരിപ്പിക്കുവാനും അവന്റെ ജനത്തിന് സന്തോഷം വർദ്ധിപ്പിക്കുവാനും തുടങ്ങി. രാജാധിരാജാവും കർത്താധികർത്താവുമായവന്റെ ശാസനയിൽ ഒടുവിൽ നെബൂഖദ്നേസർ എല്ലാ ഭരണാധികാരികളും പഠിച്ചിരിക്കേണ്ട പാഠം പഠിച്ചു - സത്യമഹത്വം ഇരിക്കുന്നത് സത്യ നന്മയിലാണ്. അവൻ യഹോവയെ ജീവനുള്ള ദൈവമായി അംഗീകരിച്ച് പ്രഖ്യാപിച്ചു, 'നെബൂഖദ്നേസർ എന്ന ഞാൻ സ്വർഗ്ഗത്തിലെ ദൈവത്തെ സ്തുതിക്കുന്നു, അതിയായി സ്തുതിക്കുന്നു, ബഹുമാനിക്കുന്നു. അവന്റെ പ്രവർത്തികൾ സത്യവും വഴികൾ ന്യായവുമാകുന്നു. അഹങ്കാരികളെ താഴ്ത്തുവാനും അവനാകും." -എലൻ ജി. വൈറ്റ്, *"പേട്രിയാർക്സ് ആൻഡ് പ്രോഫറ്റ്സ്"*, പേജ്521.

**ദാനീയേൽ 4:35 വായിക്കുക. ദൈവത്തെക്കുറിച്ച് മറ്റെന്ത് സത്യങ്ങ ളാണ് നെബൂഖദ്നേസർ പ്രകടിപ്പിക്കുന്നത്?**

ദാനീയേൽ 4 അവസാനിക്കുന്നത് ജാതിയായ ഒരാൾ എബ്രായരുടെ ദൈവത്തിന്റെ അധികാരവും അധികാരപരിധിയും ശക്തിയും അംഗീക രിക്കുന്നിടത്താണ്. ആദിമ സഭയിൽ എന്തു സംഭവിച്ചുവെന്നതിന് മുന്നോടിയാണ് ഈ രംഗം. യഹൂദരുടെ സാക്ഷ്യവും ദൈവത്തിന്റെ ശക്തിയും നിമിത്തം ജാതികൾ ദൈവീക സത്യം പഠിച്ചു. അവർ അത് ലോകത്തോട് അറിയിക്കുവാനും തുടങ്ങി.

**യോഹന്നാൻ 3:7 വായിക്കുക. അന്ത്യകാല സംഭവങ്ങളെ കുറിച്ച് ചിന്തി ക്കുന്നത് വധശിക്ഷ, ആരാധന, പീഡനം തുടങ്ങിയവയുടെ പശ്ചാത്തല ത്തിലാണ്. ഇവിടെ യേശുക്രിസ്തു പറയുന്ന എന്തു കാര്യമാണ് മറ്റെന്തി നെക്കാളുമുപരിയായി അന്ത്യകാലത്തിനായി ജനത്തെ ഒരുക്കുന്നത്?**

**വ്യാഴം** **ഏപ്രിൽ 12**

### ദാനീയേലിന്റെ വിശ്വസ്തത

**ദാനീയേൽ 6 വായിച്ച ശേഷം ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക:**

1. **ദാനീയേലിന്റെ സ്വഭാവത്തെക്കുറിച്ച് ദാനീ. 6:4,5 വാക്യങ്ങൾ എന്ത് വെളിപ്പെടുത്തുന്നു? നമ്മൾ എപ്രകാരം കാണപ്പെടണമെന്നതിന് ഈ വാക്യങ്ങളിൽ നിന്ന് എന്ത് പാഠം ഉൾക്കൊള്ളാനാവും?**
2. **ഈ അദ്ധ്യായത്തെ വെളിപ്പാട് പുസ്തകത്തിൽ പറഞ്ഞിരിക്കുന്നത് പോലെയുള്ള അന്ത്യകാല സംഭവങ്ങളുമായി എങ്ങനെ ബന്ധിപ്പി ക്കാനാകും?** വെളി. 13:4, 8, 11-17 കൂടി കാണുക.
3. **ദാനീയേലിന്റെ സ്ഥാനത്ത് നിങ്ങളെ സങ്കൽപിക്കുക. പ്രാർത്ഥിക്കാ തിരിക്കുവാൻ എന്ത് വാദഗതികൾ അല്ലെങ്കിൽ ഒഴികഴിവുകൾ കണ്ടെ ത്തുമായിരുന്നു? അവൻ ചെയ്തത് ചെയ്യാതിരുന്നിട്ട് എങ്ങനെ സ്വയം ന്യായീകരിക്കുമായിരുന്നു. സിംഹക്കുഴിയിൽ എറിയപ്പെടുക എന്ന കടുത്ത ശിക്ഷയിൽ നിന്ന് എങ്ങനെ രക്ഷപ്പെട്ടേനേ?**
4. **ദാനീയേലിനു പ്രാർത്ഥിക്കാതിരിക്കാമായിരുന്നു, എന്നിട്ടും പതിവു പോലെ പ്രാർത്ഥന തുടർന്നത് എന്തുകൊണ്ടായിരിക്കും?**
5. **ദാനീയേലിന്റെ ദൈവത്തിന്റെ ശക്തിയേക്കുറിച്ച് അറിയാമായിരുന്നു എന്ന് സൂചിപ്പിക്കുന്ന എന്ത് കാര്യമാണ് ദാര്യാവേശ് രാജാവ് അവനെ സിംഹക്കുഴിയിൽ എറിയും മുന്നേ പറഞ്ഞത് (ദാനീ. 6:16)? താൻ ആരാധിക്കുകയും സേവിക്കുകയും ചെയ്ത ദൈവത്തെക്കുറിച്ച് എന്ത് സാക്ഷ്യം രാജാവിനു മുന്നിൽ നൽകുവാൻ ദാനീയേലിനു കഴിഞ്ഞുവെന്നാണ് ഈ വാക്കുകൾ കാണിക്കുന്നത്?**

**വെള്ളി** **ഏപ്രിൽ 13**

**കൂടുതൽ പഠനം:** "ലോകചരിത്രം സമാപ്തിയിലേക്ക് എത്തുമ്പോൾ ദാനീയേൽ രേഖപ്പെടുത്തിയ പ്രവചനങ്ങൾ സവിശേഷ ശ്രദ്ധ ആവശ്യപ്പെടുന്നു. കാരണം അത് നാം ഇന്ന് ജീവിക്കുന്ന കാലഘട്ടത്തെക്കുറിച്ച് സംസാരിക്കുന്നു. പുതിയ നിയമത്തിലെ അവസാന പുസ്തകത്തിലെ പാഠങ്ങളുമായി വേണം ഇതിനെ ബന്ധിപ്പിക്കുവാൻ. ദാനീയേലിന്റെയും വെളിപ്പാടുകാരനായ യോഹന്നാന്റെയും പ്രവചന ദൂതുകൾ മനസ്സിലാക്കുവാൻ സാധിക്കില്ലെന്നാണ് സാത്താൻ അനേകരെ ധരിപ്പിച്ചു വച്ചിരിക്കുന്നത്. പക്ഷേ ഈ പ്രവചനങ്ങൾ പഠിക്കുന്നതിലൂടെ പ്രത്യേക അനുഗ്രഹം ലഭിക്കുമെന്നാണ് വാഗ്ദത്തം. 'ബുദ്ധിമാന്മാർ ഗ്രഹിക്കും' (ദാനീ. 12:10) എന്ന് പറഞ്ഞിരിക്കുന്നത്, അന്ത്യകാലത്ത് വെളിവാകുവാനായി ദാനീയേലിനു നൽകപ്പെട്ട ദർശനങ്ങളെക്കുറിച്ചും നൂറ്റാണ്ടുകളിലൂടെ ദൈവജനത്തെ സഹായിക്കുവാനായി തന്റെ ദാസനായ യോഹന്നാനു നൽകിയ വെളിപ്പാടിനെക്കുറിച്ചുമാണ്. വാഗ്ദത്തം ഇതാണ്, "ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും കേൾക്കുന്നവരും അതിൽ എഴുതിയിരിക്കുന്നതു പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ" വെളിപ്പാട്1:3" - എലൻ ജി വൈറ്റ്, *"പ്രോഫറ്റ്സ് ആൻഡ് കിങ്സ്"*, പേജ് 547, 548.

രാഷ്ട്രങ്ങളുടെ ഉയർച്ചതാഴ്ചകൾ, അന്ത്യവിധി (ദാനീ. 7:22, 26; 8:14), പീഡനകാലത്ത് ദൈവമക്കളുടെ അന്തിമ വിടുതൽ (ദാനീ. 12:1) തുടങ്ങിയവയെ മുൻനിർത്തിയാണ് ദാനീയേൽ പുസ്തകത്തെ സമീപിക്കാറുള്ളത്. പരീക്ഷകളും കഷ്ടതകളും വരുമ്പോൾ വ്യക്തിപരമായി എങ്ങനെ ഒരുക്കമുള്ളവരാകണം എന്നതിന് ഉദാഹരണം കൂടി നൽകുകയാണ് ദാനീയേൽ പുസ്തകമെന്ന് ഈയാഴ്ച കണ്ടു. ഈയൊരർത്ഥത്തിൽ, ഈ കഥകൾ എത്ര പ്രസക്തമായ അന്ത്യകാല ദൂതുകളാണ് അവതരിപ്പിക്കുന്നത്. എന്തു തന്നെയായാലും, "മൃഗത്തിന്റെ മുദ്ര"യെക്കുറിച്ചും വരാനിരിക്കുന്ന "പീഡനകാല"ത്തെക്കുറിച്ചും ഒക്കെ അറിഞ്ഞിരിക്കുന്നത് നല്ലതാണ്. പക്ഷെ ഓരോരുത്തർക്കും ഉണ്ടായിരിക്കേണ്ട ദൈവാനുഭവം ഇല്ലാതിരുന്നാൽ ഈ അറിവ് നമ്മെ കുറ്റം വിധിക്കുവാനേ ഉപകരിക്കൂ. എന്തിനെക്കാളുമുപരി നെബൂഖദ്നേസർ ഉൾപ്പെടെ ദാനീയേലിനും മറ്റുള്ളവർക്കുമുണ്ടായിരുന്ന "വീണ്ടും ജനന" അനുഭവം നമുക്കുമുണ്ടാവണം.

**ചർച്ച:**

1. **അദ്ധ്യായം 9:3-19 വരെ ദാനീയേലിന്റെ പ്രാർത്ഥന വായിക്കുക. കൃപയെക്കുറിച്ച് ദാനീയേൽ മനസ്സിലാക്കിയെന്ന് ഈ പ്രാർത്ഥന വെളിവാക്കുന്നു. നമ്മുടെ കഴിവോ നന്മയോ കൊണ്ടല്ല കൃപ ഒന്നു**

കൊണ്ടു മാത്രം ദൈവം നമ്മെ സ്നേഹിക്കുന്നു, രക്ഷിക്കുന്നു എന്നൊക്കെ ദാനീയേൽ മനസ്സിലാക്കിയത് ഈ പ്രാർത്ഥനയിലൂടെ എങ്ങനെ വ്യക്തമാകുന്നു? ഈ സത്യം, മനസ്സിലാക്കുന്നതിനേക്കാൾ പ്രാധാന്യം, അനുഭവിക്കുന്നതിനാണ്, എന്തുകൊണ്ട്?

2. രാഷ്ട്രീയ അധികാരികൾ മതാചാരങ്ങളെ ഭീഷണിപ്പെടുത്തിയപ്പോൾ അതിനെതിരെ എഴുന്നേറ്റു നിൽക്കുവാൻ ദാനീയേലും (ദാനീയേൽ 6) ആ മൂന്ന് എബ്രായരും (ദാനീയേൽ 3) നേരിട്ട വെല്ലുവിളികൾ ക്ലാസ്സിൽ ചർച്ച ചെയ്യുക. രണ്ട് വിവരണങ്ങളിലെയും സമാനതകളെന്ത്? വ്യത്യാസങ്ങൾ എന്തെല്ലാം? വിശ്വസ്തതയിലൂടെ ശക്തമായ സാക്ഷികളാകുന്നത് എങ്ങനെ എന്ന് ഈ രണ്ട് അനുഭവങ്ങളിൽ നിന്നും എന്ത് പഠിക്കാം?

3. “വീണ്ടും ജനനം” എന്നതിന്റെ അർത്ഥം? യേശു എന്തുകൊണ്ട് നമ്മൾ “വീണ്ടും ജനിച്ചേ തീരൂ” എന്ന് പറയുന്നു (യോഹ. 3:7)?

****